# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 5      28.05.2019 ൽ മറുപടിക്ക്

### ക്രമസമാധാന തകർച്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.റോജി എം. ജോൺ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ആയിരം ദിവസം ഭരണം പൂർത്തിയാക്കിയ നിലവിലുള്ള സർക്കാർ മികച്ച ക്രമസമാധാനം ഉറപ്പാക്കുന്നതിൽ എത്രമാത്രം വിജയിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) ആയിരം ദിവസം പൂർത്തിയാക്കുന്ന സർക്കാർ ക്രമസമാധാന രംഗത്ത് മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്. മിന്നൽ ഹർത്താലിനെതിരെ നടത്തിയ നിയമനിർമ്മാണം തന്നെ ആയതിന് ഉദാഹരണമാണ്. ക്രമസമാധാനവും അന്വേഷണവും പ്രത്യേകമായി കൈകാര്യം ചെയ്യാനുള്ള സംവിധാനം ഒരുക്കിയതിന്റെ ഫലമായി ക്രമസമാധാനപാലനത്തിൽ മികച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി സൈബർഡോം പോലെയുള്ള ആധുനിക സങ്കേതങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുകയും അത്തരം കുറ്റകൃത്യങ്ങളെ ഫലപ്രദമായി തടയാൻ കഴിഞ്ഞിട്ടുള്ളതുമാണ്.<br>കുറ്റവാളികൾക്കെതിരെ മുഖംനോക്കാതെ സ്വീകരിക്കുന്ന കർശന നടപടികളും, പോലീസിനെ ജനകീയമാക്കിയതുമൂലമുള്ള പോലീസിന്റെ സേവനവും ക്രമസമാധാനം കൂടുതൽ ഭദ്രമാക്കിയിട്ടുണ്ട്. |
| (ബി) ആയിരം ദിവസം പൂർത്തിയാക്കുന്നതിന് തൊട്ടുമുമ്പ് രണ്ട് ചെറുപ്പക്കാർ പെരിയയിൽ രാഷ്ട്രീയ കൊലക്കത്തിക്ക് ഇരയായ സംഭവം സംസ്ഥാനത്തെ ക്രമസമാധാന തകർച്ചയെ സൂചിപ്പിക്കുന്നതല്ലേ എന്ന് അറിയിക്കാമോ; | (ബി) ഒറ്റപ്പെട്ട പ്രസ്തുത സംഭവത്തെ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ ക്രമസമാധാന പാലനം തകർച്ചയിലായി എന്ന് വിലയിരുത്തുവാൻ കഴിയില്ല. |

| | |
|---|---|
| (സി) ഈ സാഹചര്യത്തിൽ ക്രമസമാധാനം ഭദ്രം എന്ന് പ്രഖ്യാപിക്കുന്നത് വസ്തുതാപരമാണോ എന്ന് പരിശോധിക്കുമോ? | (സി) ഏതെങ്കിലും ഒരു സ്ഥലത്ത് ഉണ്ടാകുന്ന ഒരു കുറ്റകൃത്യത്തെ മാത്രം ചൂണ്ടിക്കാട്ടി ക്രമസമാധാനം തകർന്നു എന്ന തരത്തിൽ വ്യാഖ്യാനിക്കുന്നത് അനുചിതമാണ്. സർക്കാർ ഈ രംഗത്ത് സ്വീകരിച്ചിട്ടുള്ള ശക്തമായ നടപടികളും പോലീസിന്റെ ആധുനികവത്കരണവും ക്രമസമാധാനം ഭദ്രമായി നിലനിർത്താൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ